# PADANILAM HSS VISION 2030





# MASTER PLAN 2025-2026

## PADANILAM HSS NOORANAD

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : പടനിലം HSS നൂറനാട് |
| | വിലാസം | : പടനിലം പി. ഒ, നൂറനാട് |
| | ഫോൺ | : 9446931236 |
| 2. | സ്കൂൾ കോഡ് | : 36033 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : മാവേലിക്കര |
| 4. | വിദ്യാഭ്യാസ ജില്ല | : ആലപ്പുഴ |
| 5. | റവന്യു ജില്ല | : ആലപ്പുഴ |
| 6. | B R C | : മാവേലിക്കര |
| 7. | ഗ്രാമപഞ്ചായത്ത് | : നൂറനാട് |
| 8. | ബ്ലോക്ക് പഞ്ചായത്ത് | : ഭരണിക്കാവ് |
| 9. | ജില്ലാ പഞ്ചായത്ത് | : ആലപ്പുഴ |
| 10. | താലൂക്ക് | : മാവേലിക്കര |
| 11. | വില്ലേജ് | : നൂറനാട് |
| 12. | ഇ-മെയിൽ | : padanilamhss@gmail.com |

PHSS NOORANAD

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
4. പദ്ധതി രൂപീകരണ പ്രക്രിയ-വിവിധ ഘട്ടങ്ങൾ
5. നിലവിലെ അവസ്ഥാ വിശകലനം
6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
7. പദ്ധതി വിശദാംശങ്ങൾ
8. (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം

PHSS NOORANAD

# അനുബന്ധം

1. വിദ്യാലയത്തിന്റെ സ്കെച്ച് പ്ലാൻ, ജൈവവൈവിധ്യ പാർക്ക് രൂപരേഖ
2. മികവുകൾ, നേട്ടങ്ങൾ (നടപ്പുവർഷം, മുൻവർഷം)
3. കുട്ടികളുടെ എണ്ണം - മുൻ വർഷങ്ങളിൽ
4. നിലവിലുള്ള കമ്മിറ്റികൾ -അംഗങ്ങളുടെ പട്ടിക

## 1. ആമുഖം

ആലപ്പുഴ ജില്ലയുടെ തെക്കുകിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന ഓണാട്ടുകരയുടെ ഭാഗം കൂടിയായ ഒരു പ്രദേശമാണ് നൂറനാട്. നൂറുനാടുകൾ ഉൾപ്പെട്ട സ്ഥലം "നൂറ് നാട്" ആയെന്നും ക്രമേണ ലോപിച്ച് "നൂറനാട്" എന്ന പേര് വന്നു എന്നും പറയപ്പെടുന്നു.

നൂറാനടിന്റെ കേന്ദ്രസ്ഥാനമാണ് പടനിലം, പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ പടനടന്ന സ്ഥലമാണ് പടനിലം പരബ്രഹ്മ ക്ഷേത്രവും, പ്രധാന ഉൽസവം ശിവരാത്രി ഉൽസവവുമാണ്.

നൂറാനടിന്റെ നെറുകയിലൊരു നക്ഷത്ര തേജസായി വിളങ്ങി നിൽക്കുന്ന ഒരു സ്ഥാപനമാണ് പടനിലം ഹയർ സെക്കണ്ടറി സ്കൂൾ. 1126-ാം മാണ്ട് വൃശ്ചികം 1-ാം തീയതി പടനിലം ക്ഷേത്ര സന്നിധിയിൽ പ്രസിഡന്റായ ശ്രീ. പുന്നയ്ക്കാകുളങ്ങര മാധവനുണ്ണിത്താന്റെ അധ്യക്ഷതയിൽ കൂടിയ പൊതു സമ്മേളനമാണ് പടനിലത്ത് ഒരു ഹൈസ്കൂൾ എന്ന ആശയത്തിന് മൂർത്തമായ ഒരു രൂപം നല്കുന്നത്. ഏറെ വിസ്തൃതവും കാർഷിക സാംസ്കാരിക അടിത്തറ പാകുന്നതുമായ ഇവിടുത്തെ ജനസമൂഹത്തിന്റെ വിദ്യാഭ്യാസ സ്വപ്നങ്ങൾ പൂവണിയാൻ ഈ വിദ്യാലയം മഹത്തായ പങ്കുവഹിക്കുന്നു. പ്രശാന്ത സുന്ദരമായ പശ്ചാത്തലത്തിൽ നിലനിൽക്കുന്ന ഈ വിദ്യാലയം യു.പി. യിൽ നിന്നും ഹയർ സെക്കന്ററിയിലേയ്ക്കുള്ള വളർച്ചയുടെ പടവുകൾ കയറിയെത്തിയിരിക്കുകയാണ്.

PHSS NOORANAD

ഇന്ന് 2024 ൽ ഇതിന്റെ ഭാഗഭാക്കാകാൻ ഏകദേശം 1100 കുട്ടികളും 50 ജീവനക്കാരും ഉണ്ട്. നേതൃപാടവത്തോടെയും ഐക്യത്തോടെയും പ്രവർത്തിക്കുന്ന ഒരു പറ്റം ജീവനക്കാരുടെ ശ്രമഫലമായി വളരെയേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിയുന്നു.

വികസനവും വിജ്ഞാനവും വളർച്ചയും തന്റെ പ്രിയ മക്കളിലൂടെ നാടിന് പകർന്നു നല്കുമ്പോഴും ഗ്രാമീണമായ ശാലീനതയും നിഷ്കളങ്ക സംസ്കാരവും ഒപ്പം ചേർത്തു പിടിക്കുന്ന വിദ്യാലയത്തിൽ നിന്ന് ഉയർച്ചയുടെ സ്വപ്ന പടവുകൾ താണ്ടുവാനെത്തുന്നവർ ഇനിയുമേറെ. അനന്തവിഹായസ്സിനപ്പുറം തിളങ്ങുന്ന വിൺതാരമായി ഇനിയുമേറെക്കാലം നിലനില്ക്കാൻ വിദ്യാലയം സ്വപ്ന യാത്ര തുടരുമ്പോൾ ഒരു നാടും സമൂഹവും അതിനായി കൈ കോർക്കട്ടെ.

## 2. ലക്ഷ്യങ്ങൾ

1. 5 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. (പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാകണം. കലാകായിക പ്രവൃത്തി പരിചയപഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കണം. സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കണം. ഓരോ കുട്ടിയും മൂന്നു ഭാഷയിലെങ്കിലും ആശയവിനിമയശേഷി നേടണം).

2. എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.

3. അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.

4. ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.

5. ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

PHSS NOORANAD

6. ക്ലാസ്സുമുറികളിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.

7. കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.

8. ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കും.

9. പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.

10. പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.

11. സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.

12. ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

13. കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും. മദ്യപാനം, മയക്കമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാവുന്നതരത്തിൽ ഇടപെടലുകൾ നടത്തും.

14. പ്ലാസ്റ്റിക് മുക്ത കീടനാശിനിമുക്ത ലഹരിമുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കും.

15. കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പാക്കും.

16. പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേ ക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.

17. വിദ്യാഭ്യാസത്തിന്റെ ജനകീയവൽകരണം അർത്ഥപൂർണ്ണമാക്കും.

18. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കും. കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.

PHSS NOORANAD

19. സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക. പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും.

20. സ്കൂൾതലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചക്ക് ഉതകുന്നവിധം പ്രയോജനപ്പെടുത്തും.

21. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

22. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

23. അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

24. 5 മുതൽ 12-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ടശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

## 3. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

പഠന-പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ. പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും.

## 4. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ:

1) എസ്.ആർ.ജി. യോഗത്തിൽ "പടനിലം എച്ച്.എസ്.എസ് വിഷൻ 2030" എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2) വികസനാവശ്യങ്ങൾ ക്ലാസ്സ് വിഷയം അടിസ്ഥാനത്തിൽ ഭൗതികം – അക്കാദമികം – സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

PHSS NOORANAD

3) കരട് രൂപരേഖ SRG, SMC, PTA, MPTA,OSA, SDC - രാഷ്ട്രീയ സംഘടന പ്രതിനിധികൾ ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

4) ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5) പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## 5. നിലവിലെ അവസ്ഥാ വിശകലനം:

### ഭൗതികം നേട്ടങ്ങൾ:

വിശാലമായ കായിക പരിശീലനത്തിനുള്ള ഗ്രൗണ്ട്, HS, UP ക്ലാസുകൾക്ക് IT ലാബുകൾ, പിന്നോക്ക മേഖലയിൽ നിന്നും വരുന്ന കുട്ടികൾക്ക് യാത്രാ സൗകര്യത്തിനായി സ്കൂൾ ബസ്, ഡിജിറ്റൽ സൗകര്യമുള്ള ഹൈസ്കൂൾ ക്ലാസ് മുറികൾ, റാംപ് സൗകര്യമുള്ള സ്കൂൾ കെട്ടിടങ്ങൾ.

### ഭൗതികം: പരിമിതികൾ

ഓഫീസ് ,സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി, ക്ലാസ് റൂം എന്നിവക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല. ക്ലാസ് മുറികൾ കൃത്യമായി പരിപാലിക്കേണ്ടതുണ്ട് (painting ചെയ്യണം). ശൗചാലങ്ങൾ ആധുനിക രീതിയിലുള്ളതല്ല, ഉള്ളവ കൃത്യമായി പരിപാലിക്കേണ്ടതുണ്ട്, ചുറ്റുമതിൽ പൂർണ്ണമല്ല, നല്ലൊരു ഓഡിറ്റോറിയം ഇല്ല. വാഹന ഷെഡ് നിർമ്മിക്കേണ്ടതുണ്ട്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ ഉള്ളവ മെച്ചപ്പെടുത്തേണ്ടതുണ്ട്.

### അക്കാദമികം: നേട്ടങ്ങൾ

അക്കാദമികമായും,സാമ്പത്തികമായും, സാമൂഹികമായും പിന്നോക്കം നിൽക്കുന്ന മേഖലകളിൽ നിന്നും വരുന്ന കുട്ടികളിൽ നിന്ന് പരമാവധി SSLC വിജയശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. അക്ഷര ക്ലാസുകൾ 5 മുതൽ 10 വരെയുള്ള കുട്ടികൾക്ക് നൽകികൊണ്ട് പരമാവധി കുട്ടികൾക്ക് എഴുത്തും വായനയും മെച്ചപ്പെടുത്തുന്നു.വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് തെളിയിച്ചിട്ടുണ്ട്.

### അക്കാദമികം: പരിമിതികൾ:

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം. ലബോറട്ടറികൾ ആധുനികവൽക്കരിക്കണം. ക്ലാസ്സ് ലൈബ്രറികൾ മെച്ചപ്പെടുത്തണം. സാമ്പത്തികമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്ന് വരുന്ന കുട്ടികളുടെ എണ്ണം കൂടുതലായതു കൊണ്ട് ക്ലാസിൽ സ്ഥിരമായി വരാത്ത കുട്ടികളുടെ എണ്ണവും കൂടുതലാണ്.

PHSS NOORANAD

## 6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ: ഒറ്റനോട്ടത്തിൽ:

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠനപരിപോഷണം<br>• ശാസ്ത്രപോഷണ പരിപാടി<br>• വായനാപരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• ലബോറട്ടറി ആധുനികവത്കരിക്കൽ<br>• പ്രതിഭാപോഷണ പരിപാടി<br>• നാടകക്കളരി<br>• ജൈവ വൈവിധ്യപാർക്ക്<br>• സാഹിത്യ പോഷണ<br>• പരിപാടികൾ<br>• പഠനയാത്രകൾ<br>• സെമിനാറുകൾ<br>• ഐ.ടി. പരിശീലനം അദ്ധ്യാപക<br>• ശാക്തീകരണ പരിപാടികൾ<br>• ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ<br>• പ്രവൃത്തി പരിചയ പഠനം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• പച്ചക്കറിത്തോട്ടം<br>• രചനാശില്പശാല<br>• അഭിമുഖങ്ങൾ<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാര പരിപാടി<br>• ഗണിതലാബ്,<br>• ഗണിതാന്തരീക്ഷമൊരുക്കൽ<br>• ഭാഷാ ലാബ്<br>• ബ്ലോഗ്<br>• ടേം മൂല്യനിർണയം,<br>• നിരന്തരവിലയിരുത്തൽ<br>• കായിക പഠനം<br>• ദിനാചരണം<br>• ഗവേഷണാത്മകമായ<br>• പ്രവർത്തനങ്ങൾ<br>• ഗണിതോത്സവം<br>• മെട്രിക് മേള<br>• ചിത്രരചന [illegible]<br>• **Vision -2030** | • ചുറ്റുമതിൽ, ഗേറ്റ് (കവാടം ആകർഷകമാക്കൽ)<br>• കളിസ്ഥലം<br>• ചിൽഡ്രൻസ് പാർക്ക്<br>• ക്ലാസ്സ് മുറികൾ<br>• ഓഫീസ് മുറി<br>• സ്റ്റാഫ് മുറി<br>• വിശ്രമമുറി<br>• കമ്പ്യൂട്ടർ റൂം<br>• മൾട്ടിമീഡിയ റൂം<br>• ലൈബ്രറി<br>• അടുക്കള<br>• ഡൈനിംഗ് ഹാൾ<br>• അസംബ്ലി ഹാൾ<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം<br>• ലബോറട്ടറി<br>• ജന്മദിനത്തിനൊരു ചെടി സ്കൂളിലേക്ക്<br>• എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>• എന്റെ ചെടി എന്നിലും പറയാനുണ്ട്. | • പി.ടി.എ ശക്തിപ്പെടുത്തൽ<br>• എസ്.എം.സി., എസ്.എം.ഡി.സി, കാര്യക്ഷമമാക്കൽ<br>• വിദ്യാലയ വികസനസമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• എസ്.എസ്.ജി എൽ.എസ്.ജി. ബന്ധം<br>• ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ,സന്നദ്ധ സംഘടനകൾ,വിദ്യാഭ്യാസ പ്രവർത്തകർ,സഹകരണ സ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>• ക്ലാസ് PTA മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• വിദ്യാലയ വിഭവങ്ങൾസമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ<br>• പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം,<br>• പ്രാദേശിക പി.ടി.എ<br>• ഭവന സന്ദർശനം<br>• പഠനക്കൂട്ടം |

PHSS NOORANAD

7. പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല, ലക്ഷ്യം, (പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)

## അക്കാദമികം

പ്രവർത്തനം -1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകൻ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | |

PHSS NOORANAD

പ്രവർത്തനം -2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല :ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ അഞ്ച് ദിവസം | ഇംഗ്ലീഷ് അധ്യാപിക | |

പ്രവർത്തനം -3

പേര് : ഗ്രാമർ സ്കൂൾ

ഉപമേഖല :ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ | അവധിദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | പ്രതിവർഷം 10 ക്ലാസ്സ് | ഇംഗ്ലീഷ് അധ്യാപിക | |

പ്രവർത്തനം -4

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല :ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

PHSS NOORANAD

പ്രവർത്തനം -5

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല :ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം -6

**പേര് : രചനാ ശില്പശാല**

**ഉപമേഖല** : മാതൃഭാഷയിലെ വിവിധ ശേഷികളുടെ **വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മകത രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ് കവിയരങ്ങ് ,രചന ശില്പശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ് മുറിക്കയിലെ പഠന സാമഗ്രി ആയി മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | |

PHSS NOORANAD

പ്രവർത്തനം -7

**പേര്** : ബ്ലോഗ് നിറയ്ക്കൽ യജ്ഞം

**ഉപമേഖല** : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം, SITC | |

**പ്രവർത്തനം -8**

**പേര് : സർഗ്ഗ സല്ലാപം**

**ഉപമേഖല : ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ അവരുടെ വായന / എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച് .എം & പി ടി എ | |

പ്രവർത്തനം -9

പേര് : അഭിമുഖങ്ങൾ / സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷി കളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ ,സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ംഎസ്ംഎ | |

പ്രവർത്തനം -10

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

PHSS NOORANAD

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി-യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | – |

പ്രവർത്തനം -11

പേര് : ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | എസ് ആർ ജി ഗണിത ക്ലബ്ബ് | – |

പ്രവർത്തനം -12

പേര് : ഗണിത പാർക്ക്

മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരം ആക്കൽ | ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |

പ്രവർത്തനം -13

പേര് : ശാസ്ത്ര ലാബ് നവീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിനെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ, തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |

PHSS NOORANAD

പ്രവർത്തനം -14

പേര് : ശാസ്ത്ര പോഷണ പരിപാടി

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ് | |

പ്രവർത്തനം -15

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര പോഷണ പരിപാടി

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ ഒഴിവുദിവസങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ് ആർ ജി<br>എസ് എസ് ജി | |

പ്രവർത്തനം -16

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര യാത്രകൾ (Field Trips)

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കമ്പാറ്റിലെ ശാസ്ത്ര സമൂഹ കേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ , മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം ഒരു യാത്ര | സയൻസ് ക്ലബ് | |

PHSS NOORANAD

പ്രവർത്തനം -17

പ്രവർത്തനത്തിന്റെ പേര് : മേളകൾ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം -18

പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യശാസ്ത്ര ലാബ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ് | |

പ്രവർത്തനം -19

പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ സ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒന്ന് വീതം | എസ് ആർ ജി-സോഷ്യൽ സയൻസ് | |

PHSS NOORANAD

പ്രവർത്തനം -20

പ്രവർത്തനത്തിന്റെ പേര് : ഡിബേറ്റ് ക്ലബ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ് , പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | 3 മാസത്തിൽ ഒരിക്കൽ | SRG - Social Science | |

പ്രവർത്തനം -21

പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ് ലസുകൾ, ഇയർ ബുക്കുകൾ സാമൂഹ്യശാസ്ത്ര വായന കോർണർ ഒരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

പ്രവർത്തനം -22

പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

PHSS NOORANAD

പ്രവർത്തനം -23

പ്രവർത്തനത്തിന്റെ പേര് : ഭൂപട വായന

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ദിക്കുകളെപ്പറ്റിയും ഇൻഡ്യയുടെ ഭൂപ്രകൃതി സവിശേഷതകളെ പറ്റിയും ബോധം ജനിപ്പിക്കൽ | ഒൻപതാം ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ഭൂപടം നല്കി. | | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

പ്രവർത്തനം -24

പ്രവർത്തനത്തിന്റെ പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠ ഭാഷ

മേഖല/ഉപമേഖല : അക്കാദമികം / ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്ന് വീതം | ഹിന്ദി ക്ലബ് | |

പ്രവർത്തനം -25

പ്രവർത്തനത്തിന്റെ പേര് : കലാമണ്ഡലം

മേഖല/ഉപമേഖല : അക്കാദമികം / കലാ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാ വാസനകൾക്ക് പരിപോഷണം | നൃത്തം, സംഗീതം, ചെണ്ട ഇടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാമണ്ഡലം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കണം അവധിദിവസങ്ങളിൽ പരിശീലനം | അവധി ദിവസങ്ങൾ | ആർട്സ് ക്ലബ് / കലാധ്യാപകർ | |

PHSS NOORANAD

പ്രവർത്തനം -26

പ്രവർത്തനത്തിന്റെ പേര് : കായിക പരിശീലനം

മേഖല/ഉപമേഖല : അക്കാദമികം / കായിക -വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകന്നേരവും കായിക പരിശീലനം കട്ടികൾക്ക് ലഘു ഭക്ഷണം നൽകൽ | ആഴ്ചയിൽ മൂന്നുദിവസം | പിടിഎ കായികാധ്യാപകർ | സ്പോൺസർഷിപ്പ് |

പ്രവർത്തനം -27
പ്രവർത്തനത്തിന്റെ പേര് : ക്ലാസ് പി ടി എ സജീവമാക്കൽ
മേഖല/ഉപമേഖല : അക്കാദമികം / കായിക -വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പിടിഎ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ പഠനപുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം പൊതുചർച്ച എന്നിവ ഉണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |

# ഭൗതികം

PHSS NOORANAD

പ്രവർത്തനം -1
പ്രവർത്തനത്തിന്റെ പേര് : ചുറ്റുമതിൽ /കവാടം
മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായ സ്കൂൾ ക്യാമ്പസിനെ സംരക്ഷിക്കൽ/ആകർഷകമാക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമിക്കുക മുൻവശത്തെ ചുറ്റുമതിൽ, കവാടം ആകർഷകമാക്കുക | 2 വർഷം | പി ടി എ, എൽ എസ് ജി ഡി | ജില്ലാ പഞ്ചായത്ത് |

പ്രവർത്തനം -2
പ്രവർത്തനത്തിന്റെ പേര് : പുതിയ മന്ദിരം
മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യം ഒരുക്കി അക്കാദമി പ്രവർത്തനം കാര്യക്ഷമമാക്കാൻ | സൗകര്യപ്രദമായ സ്ഥലത്ത് ഇരു നിലകളിലായി ഓഫീസ് റൂം, സ്റ്റാഫ് റൂം, ക്ലാസ് മുറികൾ എന്നിവയുടെ നിർമ്മാണം | 2 വർഷം | പി ടി എ, L S G D | MLA fund |

പ്രവർത്തനം -3

പ്രവർത്തനത്തിന്റെ പേര് : ശൗചാലയ സമുച്ചയം

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠം ഒന്ന് ശുചിത്വം | സൗകര്യപ്രദമായ സ്ഥലത്ത് ഇരു നിലകളിലായി ശൗചാലയ സമുച്ചയം നിർമ്മിക്കൽ | 2 വർഷം | പി ടി എ, L S G D | MLA fund |

പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് : കടിവെള്ള വിതരണം

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം ടാങ്കിൽ നിന്നും ടോയ് ലറ്റ് വാഷ് ടബ്ബ് എന്നിവയിലേക്ക് പുതിയ പൈപ്പ് സ്ഥാപിക്കൽ, പുതിയ ഫിൽട്ടറുകൾ സ്ഥാപിക്കൽ. | 6 മാസം | പി ടി എ, HM | ജില്ലാ പഞ്ചായത്ത് / സ്പോൺസർഷിപ്പ് |

PHSS NOORANAD

# സാമൂഹികം

**പ്രവർത്തനം -1**

പ്രവർത്തനത്തിന്റെ **പേര് : പൂർവ വിദ്യാർത്ഥി സംഗമങ്ങൾ**

**മേഖല:** സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക **വിശകലനം** |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകൾ ആയി പൂർവ വിദ്യാർഥി സംഗമം വിളിച്ച ചേർക്കൽ അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എസ് എസ് ജി, ഓ എസ് എ | ഒ എസ് എ |

**പ്രവർത്തനം -2**

പ്രവർത്തനത്തിന്റെ പേര് : പൂർവ്വ അദ്ധ്യാപക സംഗമം

**മേഖല:** സാമൂഹികം

PHSS NOORANAD

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക **വിശകലനം** |
|---|---|---|---|---|
| സാമൂഹ പങ്കാളിത്തം ഉറപ്പാക്കി | അധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ അധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കുക | രണ്ട് വർഷത്തി ലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | സ്റ്റാഫ് ഫണ്ട് |

**പ്രവർത്തനം -3**

**പ്രവർത്തനത്തിന്റെ പേര് : രക്ഷിതാക്കൾക്ക് ഇ-സാക്ഷരത (കമ്പ്യൂട്ടർ പരിശീലനം)**

മേഖല: **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക **വിശകലനം** |
|---|---|---|---|---|
| വിദ്യാലയ വിവരങ്ങൾ സമൂഹവുമായി പങ്കുവെയ്ക്കൽ | വൈകുന്നേരങ്ങളിൽ അവധിദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം | ആഴ്ചയിൽ ഒന്നു വീതം | എച്ച്എം ഐടി @സ്കൂൾ എസ് ഐ ടി സി | |

പ്രവർത്തനം -4

പ്രവർത്തനത്തിന്റെ പേര് : PSC കോച്ചിംഗ് ക്ലാസ്

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | അവധിദിവസങ്ങളിൽ പി എസ് സി യ്ക്ക് വിവിധ തസ്തികകളിൽ ജോലി തേടുന്നവർക്ക് കോച്ചിങ് ക്ലാസ് | എല്ലാ ഞായറാഴ്ചകളിലും പൊതു അവധി ദിനങ്ങളിലും | PTA | |

പ്രവർത്തനം -5

പ്രവർത്തനത്തിന്റെ പേര് : വായനാക്കൂട്ടം

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാ തത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രേറിയൻ | |

PHSS NOORANAD

## 8. പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

## 9. മോണിട്ടറിംഗ് രീതി

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- ദൈനംദിന മോണിട്ടറിംഗ് (HM, Principal)
- സോഷ്യൽ മോണിട്ടറിംഗ് രീതി (PTA)


## 10. ഉപസംഹാരം

PHSS NOORANAD

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്നവരോരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

# അനുബന്ധം

അനുബന്ധം - 1. വിദ്യാലയത്തിന്റെ സൂക്ഷ്മ പ്ലാനും



## അനുബന്ധം - 2. മികവുകൾ, നേട്ടങ്ങൾ

| നടപ്പുവർഷം | മുൻ വർഷം |
|---|---|
| • കുട്ടികളുടെയും ഭവന സന്ദർശനം | • സ്കൂൾ ബസ് |
| • ക്ലാസ് PTA | • പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ |
| • ബോധവൽക്കരണ ക്ലാസുകൾ | • പ്രാദേശിക പി.ടി.എ യോഗങ്ങൾ |
| • [illegible]മായി SSLC വിജയശതമാനം ഉയർത്തുവാൻ സാധിച്ചു | • പഠന കൂട്ടങ്ങൾ |

## അനുബന്ധം - 3. കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

| Year | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|
| 2022-23 | 94 | 110 | 122 | 151 | 115 | 145 |
| 2021-22 | | | | | | |
| 2020-21 | | | | | | |
| 2019-20 | | | | | | |

PHSS NOORANAD

## അനുബന്ധം – 4

നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക

PTA

## കുട്ടികളുടെ എണ്ണം

| YEAR | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|
| 2024-25 | 92 | 106 | 107 | 117 | 125 | 149 |
| 2025-26 | 95 | 113 | 108 | 125 | 122 | 126 |

# PHSS NOORANAD

# സമഗ്ര ഗുണമേന്മാ പദ്ധതി

## സ്കൂൾ ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം (ത്രിഭാഷ)
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠന പരിപോഷണം
4. വായനാ പരിപോഷണം
5. പ്രതിഭാ പോഷണ പരിപാടി
6. ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ
7. നാടകക്കളരി
8. പഠനയാത്രകൾ

## മേഖല - ആരോഗ്യമുള്ള ശരീരം, മനസ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ | സുംബാ ഡാൻസ് | 1 year (ആഴ്ചയിൽ ഒരു ദിവസം) | കായിക അധ്യാപകൻ അധ്യാപകർ |

## മേഖല - അക്കാദമികം സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ തിരിച്ചറിയാനും, മുന്നോട്ട് എത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തുക | CPTA യോഗം കാര്യക്ഷമമായി നടത്താൻ കുട്ടികളുടെ പഠന നേട്ടങ്ങൾ പഠന തെളിവുകൾ എത്താതെ പോയ പഠന നേട്ടം തുടങ്ങിയവയുടെ അവതരണം | എല്ലാ മാസവും | ക്ലാസ് ടീച്ചേഴ്സ് |

## മേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English, English Library, English Assembly | 1 വർഷം | PTA അധ്യാപകർ |
| 2. ഇംഗ്ലീഷ് ആത്മാവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Role Play, Profile, Script തയ്യാറാക്കൽ, Seminar, ചർച്ച, കൊറിയോഗ്രാഫി | ക്ലാസ്റൂം പ്രവർത്തനങ്ങൾക്കൊപ്പം | അധ്യാപകർ |
| 3. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഭാഷാശേഷി വർദ്ധിപ്പിക്കാൻ | ആഴ്ചയിൽ 1 ഇംഗ്ലീഷ് അസംബ്ലി, സ്പീച്ച്, skit അവതരണം | അക്കാദമിക വർഷം | അധ്യാപകർ ഇംഗ്ലീഷ് |

## മേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദന പദസമ്പത്ത് വളർത്തൽ പ്രാപ്തരാക്കുക | ഭാഷകേളി അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരികൾ ഉദ്ധരിച്ച് അക്ഷരശുദ്ധി ആസ്വാദനം വളർത്തുക | ജൂൺ ഓഗസ്റ്റ് | ക്ലബ്ബ് മലയാളം |
| 2. സാഹിത്യ കൃതികളോടും സാഹിത്യ | സംവാദം മുഖാമുഖം സാഹിത്യകാരന്മാർ എഴുത്തുകാർ | വർഷം മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് |

| | | | |
|---|---|---|---|
| കാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തി സർഗ്ഗശേഷി വളർത്തൽ | കലാകാരന്മാർ ഇവരുമായി സംവാദം സംഘടിപ്പിക്കുന്നു | | |
| 3. മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ടം രൂപീകരിക്കൽ, പുസ്തക ചർച്ച, പതിപ്പ് തയ്യാറാക്കൽ വ്യക്തിഗത, സംഘരചന ഭാഷാ പ്രോജക്ട് അഭിമുഖം | 6 മാസം | PTA അധ്യാപകർ |

## മേഖല – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്, വാക്കുകൾ നിർമ്മാണം, വാക്യങ്ങൾ നിർമ്മാണം | ജൂൺ - ഓഗസ്റ്റ് | ഹിന്ദി ക്ലബ്ബ് |
| 2. വീടൊരു പരീക്ഷണശാല | വീട്ടിൽ കാണുന്ന സാധനങ്ങളുടെ പേര് ഹിന്ദിയിൽ പട്ടികപ്പെടുത്തുക | സെപ്റ്റംബർ- ഒക്ടോബർ | ഹിന്ദി ടീച്ചേഴ്സ് |
| 3. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കൽ | ഹിന്ദി അസംബ്ലി ദിനാചരണ പ്രവർത്തനം | നവംബർ - ഫെബ്രുവരി | ഹിന്ദി ടീച്ചേഴ്സ് |
| 4. സർഗാത്മകത വികസിപ്പിക്കാനുള്ള അവസരം | അധികവായന സാമഗ്രികൾ ചരിത്രകഥ തയ്യാറാക്കൽ, കഥയെഴുതൽ കഥ-പൂർത്തീകരിക്കൽ | നവംബർ - ഫെബ്രുവരി | ഹിന്ദി ടീച്ചേഴ്സ് |

SDC: SCHOOL DEVELOPMENT COMMITTEE

*PHSS NOORANAD*

## MC:SCHOOL MANAGEMENT COMMITTEE

HSS NOORANAD

OSA-OLD STUDENT ASSOCIATION

PHSS NOORANAD